REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-12-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഒരു രാജ്യം - ഒരു തെരഞ്ഞെടുപ്പ് ബിൽ ലോക്സഭയിൽ അവതരിപ്പിച്ചു. പ്രതിപക്ഷ പാർട്ടികൾ എതിർത്തു.**
- **സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിക്കുന്ന പശ്ചാത്തലത്തിൽ ഇന്ന് തിരുവനന്തപുരത്ത് ഉന്നതതല യോഗം ചേരും.**
- **കുട്ടമ്പുഴയിൽ കാട്ടാന ആക്രമണത്തിൽ മരിച്ച എൽദോസിന്റെ കുടുംബത്തിന് ഇന്ന് തന്നെ 10 ലക്ഷം രൂപ നൽകുമെന്ന് മന്ത്രി AK ശശീന്ദ്രൻ.**
- **മാനന്തവാടിയിൽ ഗോത്രവർഗ യുവാവിനെ കാറിൽ അരകിലോമീറ്ററോളം റോഡിലൂടെ വലിച്ചിഴച്ച സംഭവത്തിൽ രണ്ടുപേർ പിടിയിൽ.**
- **ഇന്ത്യ - ഓസ്ട്രേലിയ ബോർഡർ - ഗവാസ്കർ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ബാറ്റിംഗ് തകർച്ച.**

## വാർത്തകൾ വിശദമായി

ഒരു രാജ്യം - ഒരു തെരഞ്ഞെടുപ്പ് ബിൽ ലോക് സഭയിൽ നിയമ മന്ത്രി അർജ്ജുൻ റാം മേഘ് വാൾ അവതരിപ്പിച്ചു.

ബിൽ അവതരണത്തെ കോൺഗ്രസ്സ്, സമാജ് വാദി പാർട്ടി, NCP (SP) വിഭാഗം, CPIM, എന്നിവരുൾപ്പെടെ പ്രതിപക്ഷ പാർട്ടികൾ എതിർത്തു. ബില്ലുകൾ സംയുക്ത പാർലമെന്ററി കമ്മിറ്റിക്ക് വിടണമെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി ജയറാം രമേശ് ആവശ്യപ്പെട്ടു.

നിർദ്ദിഷ്ട ബില്ലുകൾ ഭരണഘടനാ വിരുദ്ധവും സംസ്ഥാന അധികാരങ്ങളുടെ ലംഘനവുമാണന്ന് സമാജ് വാദി പാർട്ടി കുറ്റപ്പെടുത്തി. രാജ്യത്തിന്റെ ഫെഡറൽ തത്ത്വങ്ങൾക്ക് വിരുദ്ധമാണ് ബില്ലെന്ന് CPIM എംപി ജോൺ ബ്രിട്ടാസ് പറഞ്ഞു.

✪✪✪

ഒരു രാജ്യം - ഒരു തെരഞ്ഞെടുപ്പ് രാജ്യത്തെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒന്നാണെന്ന് പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു പറഞ്ഞു. ഏതെങ്കിലും പാർട്ടിക്കോ വ്യക്തിക്കോ അല്ല രാജ്യത്തിനാണ് അതിന്റെ ഗുണം ലഭിക്കുകയെന്ന് ലോക് സഭയിൽ ഒരു രാജ്യം - ഒരു തെരഞ്ഞെടുപ്പ് ബില്ലുകൾ അവതരിപ്പിക്കുന്നതിന് മുന്നോടിയായി റിജിജു വ്യക്തമാക്കി.

സ്വാതന്ത്ര്യം കിട്ടി ഇരുപത് വർഷത്തോളം തെരഞ്ഞെടുപ്പുകൾ ഒരുമിച്ചാണ് നടത്തിയിരുന്നതെന്നും പ്രതിപക്ഷ ആരോപണത്തിന് മറുപടിയായി റിജിജു പറഞ്ഞു.

✪✪✪

രാജ്യത്തെ അക്കാദമിക് സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഗവൺമെന്റ് പ്രതിബദ്ധമാണെന്ന് കേന്ദ്രമന്ത്രി ധർമ്മേന്ദ്രപ്രധാൻ പറഞ്ഞു. കഴിഞ്ഞ എട്ട് വർഷങ്ങളിൽ വിദ്യാഭ്യാസത്തിന് ചെലവഴിക്കുന്ന തുകയിൽ 130 ശതമാനം വർദ്ധന വരുത്തിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. 2014- ൽ 10,780 രൂപ ഉണ്ടായിരുന്ന സ്ഥാനത്ത് 2022-ൽ അത് 25,043 രൂപയായി.

പ്രധാൻ മന്ത്രി പോഷൺ പദ്ധതിയിൽ ഒരുലക്ഷം കോടി രൂപ ഗവൺമെന്റ് നിക്ഷേപിച്ചിട്ടുണ്ടെന്നും ധർമ്മേന്ദ്രപ്രധാൻ ഡൽഹിയിൽ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് തുടർച്ചയായി റോഡപകടങ്ങൾ ഉണ്ടാകുന്ന പശ്ചാത്തലത്തിൽ മന്ത്രി K.B ഗണേഷ് കുമാറിന്റെ നേതൃത്വത്തിൽ ഇന്ന് ഉന്നതതല യോഗം ചേരും. വൈകീട്ട് തിരുവനന്തപുരത്താണ് യോഗം.

മോട്ടോർ വാഹന വകുപ്പ്, പൊലീസ്, ദേശീയപാത അതോറിറ്റി, KSEB, PWD, റോഡ് സുരക്ഷാ വിഭാഗം എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

വാഹനാപകടങ്ങൾ കുറയ്ക്കാൻ സംസ്ഥാനത്ത് പൊലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സംയുക്ത പരിശോധന കർശനമാക്കാൻ ഇന്നലെ ചേർന്ന ഉന്നതതല പൊലീസ് യോഗം തീരുമാനിച്ചിരുന്നു. മദ്യപിച്ചും,

അശ്രദ്ധമായും വാഹനമോടിപ്പിക്കുന്നവർക്കും, ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കാത്തവർക്കും, അമിത വേഗത്തിൽ വാഹനമോടിക്കുന്നവർക്കും എതിരെ കർശന നടപടിയെടുക്കും.

✪✪✪

മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 152 അടിയാക്കി ഉയർത്തുകയെന്നത് തമിഴ്നാടിന്റെ സ്വപ്നമാണെന്നും DMK ഭരണത്തിൽ അതു യാഥാർത്ഥ്യമാക്കുമെന്നും തമിഴ്നാട് തദ്ദേശ ഗ്രാമ വികസന മന്ത്രി I. പെരിയസാമി പറഞ്ഞു. തേനി ജില്ലയിലെ മഴക്കെടുതികൾ വിലയിരുത്തിയ ശേഷമായിരുന്നു മന്ത്രിയുടെ പ്രതികരണം. സുപ്രീം കോടതി വിധി പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അറ്റകുറ്റപ്പണികൾക്കു തമിഴ്നാട് ഗവൺമെന്റിന് അവകാശമുണ്ടെന്നും പെരിയസാമി അഭിപ്രായപ്പെട്ടു.

✪✪✪

കുട്ടമ്പുഴയിൽ കാട്ടാന ആക്രമണത്തിൽ മരിച്ച എൽദോസിന്റെ കുടുംബത്തിന് ധനസഹായമായി 10 ലക്ഷം രൂപ ഇന്ന് തന്നെ നൽകാൻ നിർദേശം നൽകിയതായി മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു. അങ്ങേയറ്റം ദൗർഭാഗ്യകരവും ഹൃദയ വേദന ഉണ്ടാക്കുന്നതുമായ സംഭവമാണ് നടന്നതെന്ന് മന്ത്രി തിരുവനന്തപുരത്ത് വിലയിരുത്തി.

വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന്റെ ഉത്തരവാദിത്തം തദ്ദേശ സ്ഥാപനങ്ങൾക്കാണെന്നും എല്ലാം വനം വകുപ്പിന്റെ തലയിൽ ഇട്ട് ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിയരുതെന്നും മന്ത്രി പറഞ്ഞു.

✪✪✪

മാനന്തവാടിയിൽ ഗോത്രവർഗ യുവാവിനെ കാറിൽ അരകിലോമീറ്ററോളം റോഡിലൂടെ വലിച്ചിഴച്ച സംഭവത്തിൽ രണ്ടുപേർ പിടിയിലായി. കാർ ഓടിച്ചിരുന്ന കണിയാമ്പറ്റ പച്ചിലക്കാട് പുത്തൻപീടികയിൽ ഹർഷിദ്, അഭിരാം എന്നിവരാണ് പിടിയിലായത്. ഹർഷിദാണ് വാഹനം ഓടിച്ചിരുന്നതെന്നും യുവാവിനെ റോഡിലൂടെ വലിച്ചിഴച്ചത് അഭിരാം ആണെന്നും പൊലീസ് പറഞ്ഞു.

✪✪✪

കർഷകരുടെ വരുമാനം വർധിപ്പിക്കാൻ ആറിന തന്ത്രം ഗവണ്മെന്റ് തയ്യാറാക്കി കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ലോക്സഭയിൽ പറഞ്ഞു. ഉൽപ്പാദനം വർധിപ്പിക്കുക, ഉൽപ്പാദനച്ചെലവ് കുറയ്ക്കുക, ഉൽപന്നങ്ങൾക്ക് ന്യായമായ മിനിമം വില ഉറപ്പാക്കുക, പ്രകൃതിദുരന്തങ്ങൾ മൂലമുണ്ടാകുന്ന നഷ്ടം

നികത്തുക, കൃഷിയുടെ വൈവിധ്യവൽക്കരണം, ജൈവകൃഷിയും പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഇവയെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പയും വളത്തിനും യന്ത്രവൽകൃത കൃഷിക്കും സബ്സിഡിയും നൽകുന്നുണ്ടെന്നും ചൗഹാൻ അറിയിച്ചു.

✪✪✪

കേരളത്തിലെ രണ്ടാമത്തെ ഹജ്ജ് ഹൗസ് കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിന് സമീപം നിർമ്മിക്കുമെന്ന് മന്ത്രി V അബ്ദുറഹ്മാൻ പറഞ്ഞു. ഇതിനായി സ്ഥലം ലഭ്യമാക്കിയിട്ടുണ്ടെന്നും അടുത്ത സാമ്പത്തിക വർഷം നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു. രാവിലെ വിമാനത്താവളത്തിനടുത്തെ നിർദിഷ്ട ഹജ്ജ് ഹൗസ് നിർമ്മാണ സ്ഥലം സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

കേരള രാജ്യാന്തര ചലച്ചിത്ര മേള അഞ്ചാം ദിനത്തിലേക്ക് കടക്കുമ്പോഴും പ്രേക്ഷക പങ്കാളിത്തത്തിന് കുറവില്ല. എല്ലാ തിയേറ്ററുകളിലും നിറഞ്ഞ സദസ്സിലാണ് ചിത്രങ്ങളുടെ പ്രദർശനം.

ഇന്ന് 67 സിനിമകളുടെ പ്രദർശനമാണ് മേളയിൽ നടക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി റെജു കൊലിയക്കോട്.

.........വോയ്സ്..........

കേരള രാജ്യാന്തര ചലച്ചിത്ര മേള 5 ആം ദിനത്തിലേക്ക് കടക്കുമ്പോൾ മിക്ക ചിത്രങ്ങൾക്കും മികച്ച അഭിപ്രായമാണ് ലഭിക്കുന്നത്.

രാജ്യാന്തര മത്സര വിഭാഗത്തിൽ ഏഴ് ചിത്രങ്ങളും ലോക സിനിമ വിഭാഗത്തിൽ 23 ചിത്രങ്ങളും ഫെസ്റ്റിവൽ ഫേവറിറ്റ്സ് വിഭാഗത്തിൽ 7 ചിത്രങ്ങളും മലയാളം സിനിമ ടുഡേ വിഭാഗത്തിൽ 4 ചിത്രങ്ങളും ഇന്ന് പ്രദർശിപ്പിക്കുന്നുണ്ട്.

ലോകസിനിമാ വിഭാഗത്തിൽ 'കോൺക്ലേവി'ന്റെ ആദ്യ പ്രദർശനം ഏരീസ് പ്ലക്സിൽ ഇപ്പോൾ പുരോഗമിക്കുകയാണ്.

അന്താരാഷ്ട്ര മത്സര വിഭാഗത്തിൽ ഏറെ പ്രേക്ഷക പ്രശംസ നേടിയ 'മെമ്മറീസ് ഓഫ് എ ബേണിംഗ് ബോഡി, റിഥം ഓഫ് ദമാം' എന്നിവയുടെ പ്രദർശനം ഇന്ന് നടന്നു.ഇതിൽ 'ലിൻഡയുടെ പ്രദർശനം ഇന്ന് വൈകുന്നേരം 3 മണിക്ക് നടക്കും

ഫെസ്റ്റിവൽ ഫേവറിറ്റ്സ് വിഭാഗത്തിൽ 'ദ റൂം നെക്സ്റ്റ് ഡോർ രാത്രി 8.30 ന് രണ്ടാം തവണയും പ്രേക്ഷകർക്ക് മുന്നിലെത്തും.

മലയാളം ക്ലാസിക് ചിത്രം 'നീലക്കുയിൽ' ഇന്ത്യൻ സമാന്തര സിനിമയുടെ അതികായനായ കുമാർ സാഹ്നിയുടെ 'തരംഗ്', ഷബാന ആസ്മി കേന്ദ്ര കഥാപാത്രമായി എത്തിയ ഗൗതം ഗോസെ ചിത്രം 'പാർ', ഐഎഫ്എഫ്കെ ജൂറി അധ്യക്ഷയായ ആഗ്നസ് ഗൊദാർദ് ഛായാഗ്രഹണം നിർവഹിച്ച 'ബ്യൂ ട്രവെയ്ൽ' തുടങ്ങി 6 ചിത്രങ്ങളുടെ മേളയിലെ ഏകപ്രദർശനം ഇന്നാണ്.

ഒരു നൂറ്റാണ്ട് പിന്നിടുന്ന അർമേനിയൻ സിനിമയെ കുറിച്ചുള്ള പാനൽ ചർച്ച വൈകുന്നേരം മൂന്ന് മണിക്ക് നിള തിയേറ്ററിൽ നടക്കും.

പാത്ത്, ഫെമിനിച്ചി ഫാത്തിമ,കിസ് വാഗൺ, മായുന്നു മാറിവരയുന്നു നിശ്വാസങ്ങളിൽ തുടങ്ങിയവയാണ് ഇന്ന് പ്രദർശിപ്പിക്കുന്ന മലയാള ചിത്രങ്ങൾ.

KSFDC യും ചലച്ചിത്ര അക്കാദമിയും ചേർന്ന് ഒരുക്കിയിട്ടുള്ള വ്യൂയിങ് റൂം സംവിധാനത്തിലൂടെ കുട്ടികളുടെ ചിത്രമായ കലാം സ്റ്റാൻഡേർഡ് 5B അല്പ സമയത്തിനകം പ്രദർശിപ്പിക്കും.

✪✪✪

പുതുച്ചേരി ലെഫ്റ്റനെന്റ് ഗവർണർ കെ. കൈലാഷ്നാഥൻ രണ്ടുദിവസത്തെ സന്ദർശനത്തിനായി മാഹിയിലെത്തി. രാവിലെ മാഹി ഗവണ്മെന്റ് ജനറൽ ആശുപത്രിയിൽ പുതുതായി സജ്ജീകരിച്ച 10 കിടക്കകളോട് കൂടിയ ICU അദ്ദേഹം ഉദ്ഘാടനം ചെയ്തു. ദീപാവലി സൗജന്യ അരി വിതരണം, പുതുതായി അനുവദിച്ച ചുവപ്പ് റേഷൻ കാർഡിന്റെ വിതരണം, വാർദ്ധക്യകാല പെൻഷൻ ഓർഡർ വിതരണം, പട്ടയ വിതരണം എന്നിവയും അദ്ദേഹം നിർവഹിച്ചു.

✪✪✪

കേരള ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ ആദ്യത്തെ ആയുർവേദ EYE ആൻഡ് ENT ആശുപത്രിക്ക് കണ്ണൂർ പരിയാരം ഗവ. ആയുർവേദ കോളേജിൽ തുടക്കമാകുന്നു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O. ശശിധരൻ.

........വോയ്സ്.......

ആശുപത്രിയിൽ നിലവിൽ നൽകിവരുന്ന മികച്ച സേവനം മുൻനിർത്തിയാണ് ഗവൺമെൻറ് ഈ പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചത്. നാഷണൽ ആയുഷ് മിഷന്റെ രണ്ടരക്കോടി രൂപയോളം ഉപയോഗപ്പെടുത്തിയാണ് പദ്ധതി

നടപ്പാക്കുന്നത്. ഓരോ വിഭാഗത്തിലുമുള്ള രോഗികളെ പരിശോധിക്കാനുള്ള പ്രത്യേക മുറികൾ, കാത്തിരിപ്പു ഹാൾ, സ്റ്റോർ, ഫാർമസി ,കണ്ണട വിഭാഗം, ലിഫ്റ്റ്, ഓപ്പറേഷൻ തിയേറ്റർ തുടങ്ങിയ സൗകര്യങ്ങളുള്ള മൂന്നുനില കെട്ടിടമാണ് ഒരുങ്ങുക. പരിശോധനകൾക്ക് അത്യന്താധുനിക ഉപകരണങ്ങളും ലഭ്യമാക്കും. 7216 സ്ക്വയർ ഫീറ്റ് വിസ്തീർണത്തിലുള്ള ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ ചുമതല എച്ച് എൽ എൽ ലൈഫ് കെയർ ലിമിറ്റഡിനാണ് പുതിയ കെട്ടിട സമുച്ചയത്തിന്റെ ശിലാസ്ഥാപനം നാളെ ആരോഗ്യ മന്ത്രി വീണ ജോർജ് നിർവഹിക്കും

✪✪✪

ഇന്ത്യ - ഓസ്ട്രേലിയ ബോർഡർ - ഗവാസ്കർ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ നാലാം ദിവസം ബാറ്റിംഗ് ആരംഭിച്ച ഇന്ത്യയ്ക്ക് ബാറ്റിംഗ് തകർച്ച. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ എട്ട് വിക്കറ്റിന് 213 റൺസ് എന്ന നിലയിലാണ്. ഓസ്ട്രേലിയ ഒന്നാം ഇന്നിംഗ്സിൽ 445 റൺസ് എടുത്തിരുന്നു.

✪✪✪

78-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിന്റെ ഫൈനൽ റൗണ്ട് മത്സരങ്ങളിൽ ഇന്ന് കേരളം മേഘാലയയെ നേരിടും. ഹൈദരാബാദിൽ രാത്രി 7.30 നാണ് മത്സരം.

✪✪✪

ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ട്വന്റി-20 വനിതാ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. വൈകിട്ട് 7-ന് നവി മുംബൈയിലെ DY പാട്ടീൽ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

നാവികസേവയ്ക്കായി നിർമ്മിക്കുന്ന അടുത്ത തലമുറ മിസൈൽ കപ്പലിന്റെ സ്റ്റീൽ കട്ടിംഗ് ചടങ്ങ് കൊച്ചി കപ്പൽ ശാലയിൽ നടന്നു. സർഫസ് ടു സർഫസ് മിസൈലുകളും, ആൻറി മിസൈൽ ഡിഫൻസ് സംവിധാനങ്ങളും, ഫയർ കൺട്രോൾ റഡാറുകളും മറ്റും അടങ്ങുന്ന അതിവേഗം സഞ്ചരിക്കാവുന്ന കപ്പലുകളാണ് നാവികസേനയ്ക്കായി നിർമ്മിക്കുന്നത്.

✪✪✪

കണ്ണൂർ- വയനാട് പ്രധാന പാതയായ നെടുംപൊയിൽ-മാനന്തവാടി ചുരം റോഡിലെ ഗതാഗതം ഭാഗികമായി പുന:സ്ഥാപിച്ചു. റോഡിൽ വിള്ളൽ ഉണ്ടായതിനെ തുടർന്നാണ് ഗതാഗതനിരോധനം ഏർപ്പെടുത്തിയത്. ചെറുവാഹനങ്ങൾക്കാണ് ഇപ്പോൾ ഗതാഗതത്തിന് അനുമതി നൽകിയത്.

✪✪✪

ജില്ലാകളക്ടറുടെ പേരിൽ വ്യാജ അവധി സന്ദേശം പ്രചരിപ്പിച്ച പ്രായപൂർത്തിയാകാത്ത വ്യക്തിയെ പൊലീസ് കസ്റ്റഡിയിലെടുത്തു. തിരുനാവായ വൈരംകോട് സ്വദേശിയായ 17 കാരനാണ് പിടിയിലായത്. ഉപദേശവും താക്കീതും നൽകിയശേഷം രക്ഷിതാക്കൾക്കൊപ്പം ഇയാളെ വിട്ടയച്ചു.

✪✪✪

എംപോക്സ് സ്ഥിരീകരിച്ച് കണ്ണൂർ പരിയാരം ഗവൺമെൻറ് മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്ന 24 കാരന്റെ ആരോഗ്യസ്ഥിതി ഗുരുതരമല്ലെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. അബുദാബിയിൽ നിന്ന് കഴിഞ്ഞദിവസം നാട്ടിലെത്തിയ വയനാട് സ്വദേശിക്കാണ് രോഗം സ്ഥിരീകരിച്ചത്.

✪✪✪

സ്വർണ്ണവില വർധിച്ചു. പവന് 80 രൂപ വർധിച്ച് 57,200 രൂപയിലെത്തി. ഗ്രാമിന് 7,150 രൂപയാണ് വില.

✪✪✪

കണ്ണൂർ കൃഷ്ണമേനോൻ സ്മാരക ഗവ. വനിതാകോളേജ് ഗ്രൗണ്ടിന്റെ നവീകരണവും, കായിക വിദ്യാർഥികളുടെ ഹോസ്റ്റൽ, സ്വിമ്മിങ്ങ് പൂൾ നിർമാണവും മന്ത്രി V അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്തു. അഞ്ചു കോടി രൂപ ചെലവഴിച്ചാണ് ആധുനിക സൗകര്യങ്ങളോടെ മൈതാനം ഒരുക്കുന്നത്.

✪✪✪